ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല.

പഞ്ചായത്തുകളിലും നഗരസഭകളിലും വാർഡ് വിഭജനം

375 (1819) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിലും, നഗരസഭകളിലും വാർഡ് വിഭജനം നടത്താൻ ഉദ്ദേശ്യമുണ്ടോ; പഞ്ചായത്തുകൾ വിഭജിക്കാൻ ഉദ്ദേശ്യമുണ്ടോ; നിലവിലുള്ള സംവരണസ്വഭാവം വ്യത്യാസം വരുത്താൻ ഉദ്ദേശ്യമുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന് തീരുമാനം കൈക്കൊള്ളാൻ കഴിയുമോ; വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള സംവരണ വാർഡുകൾ ഒരു ടേം കൂടി തുടരാൻ തീരുമാനം എടുക്കാൻ ഉദ്ദേശമുണ്ടോ ; വ്യക്തമാക്കാമോ ;

(സി) എത്ര ജനസംഖ്യക്കാണ് ഒരു വാർഡ്, ഒരു ഗ്രാമപഞ്ചായത്തിൽ എത്ര വാർഡ്, ജനസംഖ്യ-മാനദണ്ഡം എത്ര എന്നിവ വ്യക്തമാക്കാമോ; പഞ്ചായത്തുകൾ-മുനിസിപ്പാലിറ്റികൾ . ആക്കുന്നതിനും ടൗൺ പഞ്ചായത്തുകൾ ആക്കുന്നതിനും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരള പഞ്ചായത്ത്‌രാജ് നിയമം 10-ാം വകുപ്പ് പ്രകാരം പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്തുന്നതിനുള്ള ചുമതല സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനാണ്. പുതിയ ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) കേരള പഞ്ചായത്ത് രാജ് നിയമം 6, 7, 8, 9 വകുപ്പുകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി സംവരണ വാർഡുകൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

ഗ്രാമപഞ്ചായത്തുകളുടെ വിഭജനം

376 (1820) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയത് ഉണ്ടാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളാണ് വിഭജന പട്ടികയിലുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2015-ൽ നടക്കേണ്ടുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി & സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

ഗ്രാമപഞ്ചായത്തുകളുടെ വിഭജനം

377 (1821) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ വിഭജിക്കാൻ നിർദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(സി) ഗ്രാമപഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 2015-ൽ നടക്കേണ്ടുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റി സംസ്ഥാനത്ത് നിലവിലുള്ള ഗ്രാമപഞ്ചായത്തുകളിൽ ചിലത് വിഭജിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി & സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly